**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** | **12-02-2024 - ൽ മറുപടിയ്ക്ക്**

**റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റെയിൽവേ വികസനത്തിന്റെ സമസ്ത മേഖലകളിലും കേരളത്തെ അവഗണിക്കുന്ന കേന്ദ്രസർക്കാർ നടപടികൾക്കെതിരായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഔദ്യോഗിക ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളുടെ പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ബഹു. പ്രധാനമന്ത്രിയുമായും, ബഹു. കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിയുമായും ചർച്ചകളും കത്തിടപാടുകളും നടത്തി വരാറുള്ളതാണ്. ഇതിന്റെ ഭാഗമായി ബഹു. പ്രധാന മന്ത്രിയുമായി, 24.03.2022, 27.12.2022, 25.03.2023 എന്നീ തീയതികളിൽ കൂടിക്കാഴ്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സിൽവർലൈൻ ഉൾപ്പെടെ വിവിധ റെയിൽവേ പദ്ധതികൾക്കായി 30.06.2023 ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി ഇക്കാലയളവിൽ രണ്ട് തവണയായി കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ചർച്ചയിൽ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര മന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ പ്രസ്തുത വിഷയം അവതരിപ്പിക്കുകയും അംഗങ്ങൾ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് | (ബി) | 13.07.2023 ന് ചേർന്ന എം.പി മാരുടെ യോഗത്തിൽ അങ്കമാലി-ശബരി റെയിൽ പാതയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തുക അനുവദിക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുന്നതിനും തലശ്ശേരി- |

| | | | |
|---|---|---|---|
| | നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | | മൈസൂർ, നിലമ്പൂർ-നഞ്ചൻകോട്, കാഞ്ഞങ്ങാട്-കാണിയൂർ പാതകൾക്കുള്ള അംഗീകാരം ലഭ്യമാകുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തുന്നതിനും കൂടാതെ റെയിൽവേ ട്രാക്കിനു കുറുകെ ഇ.എച്ച്.ടി ലൈനുകൾ നിർമ്മിക്കുന്നതിന് റെയിൽവേയിൽ നിന്ന് അനുമതി ലഭ്യമാക്കുന്നതിനു വേണ്ട ശ്രമം നടത്തുന്നതിനും ധാരണയായിട്ടുണ്ട്. കൂടാതെ 2024 ലെ പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിൽ ഉന്നയിക്കുന്നതിനായി റെയിൽവേ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ എം.പിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. |
| (സി) | വന്ദേഭാരത് ട്രെയിൻ കൃത്യസമയത്ത് സർവ്വീസ് നടത്തുന്നതിനായി തൽസമയമുണ്ടായിരുന്ന ട്രെയിനുകൾ റദ്ദ് ചെയ്യുകയോ പിടിച്ചിടുകയോ ചെയ്യുന്നതുമൂലം സ്ഥിരം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വന്ദേഭാരത് എക്സ്പ്രസ് ആരംഭിച്ചതിനാൽ ഔദ്യോഗികമായി മറ്റു ട്രെയിനുകൾ റദ്ദാക്കിയിട്ടില്ല. എന്നാൽ ചില ട്രെയിനുകളുടെ സമയക്രമത്തിൽ ചില ചെറിയ മാറ്റങ്ങൾ ആവശ്യമായി വന്നു, എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>വന്ദേഭാരത് എക്സ്പ്രസ് കടന്നു പോകുന്നതിനായി മറ്റ് ട്രെയിനുകൾ സ്റ്റേഷനുകളിൽ നിർത്തിയിടുന്നതായും അതിന്റെ ഫലമായി സാധാരണ യാത്രക്കാർ പ്രയാസം അനുഭവിക്കുകയും ചെയ്യുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കേരളത്തിന്റെ റെയിൽവേ വികസനത്തിന് പ്രതികൂലമാകുന്ന നടപടികളിൽ നിന്നും പിന്മാറുന്നതിനും കാലാനുസൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും കേന്ദ്രത്തിൽ നടത്തിവരുന്ന നിരന്തര ഇടപെടൽ തുടരുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കാലാനുസൃതമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് കേന്ദ്രത്തിൽ നടത്തിവരുന്ന നിരന്തര ഇടപെടൽ തുടരുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ